# ഭരണഭാഷ - മാതൃഭാഷ


**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307


**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം,തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - ക്ലാസ്സ് IV / സബോഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ₹ 26500 - 60700 വേതന നിരക്കിലുള്ള ക്ലാർക്ക് തസ്തികയിൽ തസ്തികമാറ്റ നിയമനം - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ജീവനകാര്യം (ഡി) വിഭാഗം

നം: ED1/41081/17/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 25.09.2023

---

വായന:- 1.03.01.2014 ലെ സ.ഉ (പി) നം.01/2014/ഉഭപവ നമ്പർ സർക്കാർ ഉത്തരവ്
2.19.07.2014 ലെ സ.ഉ (പി) നം.21/2014/ഉഭപവ നമ്പർ സർക്കാർ ഉത്തരവ്
3.28.05.2015 ലെ സ.ഉ (പി) നം.16/2015/ഉഭപവ നമ്പർ സർക്കാർ ഉത്തരവ്
4.06.05.2017 ലെ ഇജി3/4372/16/ഡിടിഇ നമ്പർ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സംസ്ഥാന തല അന്തിമ സംയോജിത സീനിയോരിറ്റി പട്ടിക
5.21.07.2022 ലെ സ.ഉ (അച്ചടി) നം.6/2022/ഉഭപവ നമ്പർ സർക്കാർ ഉത്തരവ്
6.13.03.2023 ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ ഉത്തരവ്
7.16.03.2023 ലെ സ.ഉ (അച്ചടി) നം.4/2023/ഉഭപവ നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

വായന (1) മുതൽ (3) വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം ക്ലാസ്സ് IV / സബോഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് യോഗ്യതയുടെയും, ആദ്യ നിയമന തസ്തികയുടെ സീനിയോരിറ്റിയുടെയും അടിസ്ഥാനത്തിൽ വായന (6) പ്രകാരം നടപ്പ് വർഷം ക്ലാർക്ക് തസ്തികയിൽ തസ്തികമാറ്റ നിയമനം അനുവദിച്ചിരുന്ന രണ്ട് പേരിൽ ഒരാൾ ടി ഉദ്യോഗക്കയറ്റം താൽക്കാലികമായി പരിത്യജിക്കുകയും, ഒരു ജീവനക്കാരൻ വിരമിക്കുകയും ചെയ്തിരുന്നു.

അപ്രകാരം വന്നിരുന്ന രണ്ട് ഒഴിവുകളിലേക്ക് വായന സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി, ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ വായന (4) സംസ്ഥാന തല സംയോജിത അന്തിമ സീനിയോരിറ്റി പട്ടികയിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക്; 1958 - ലെ കേരള സ്റ്റേറ്റ് ആൻറ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ 28 (b) (ii),28 (bb) പ്രകാരം ₹26500 - 60700 വേതന നിരക്കിലുള്ള ക്ലാർക്ക് തസ്തികയിൽ തസ്തികമാറ്റ നിയമനം അനുവദിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| വായന (4) സീനിയോരിറ്റി പട്ടികയിലെ ക്രമ.നം | ക്ലാർക്ക് തസ്തികയിൽ തസ്തിക മാറ്റ നിയമനം അനുവദിക്കുന്ന ജീവനക്കാരൻറെ പേര്, സ്ഥാപനം, പെൻ | ക്ലാർക്ക് തസ്തികയിൽ തസ്തിക മാറ്റ നിയമനം അനുവദിക്കുന്ന സ്ഥാപനം |
|---|---|---|
| 40 | ശ്രീ.ഇൽബർട്ട് ലോപ്പസ്.പി<br>നോൺ ടെക്ക്നിക്കൽ അറ്റൻറർ,<br>കോളേജ് ഓഫ് എഞ്ചിനീയറിംഗ്<br>തിരുവനന്തപുരം<br>പെൻ - 171779 | സർക്കാർ വനിതാ<br>പോളിടെക്ക്നിക്ക് കോളേജ്,<br>കൈമനം, തിരുവനന്തപുരം<br><br>(തുറന്ന ഒഴിവ്) |
| 41 | ശ്രീ.സജിമോൻ കുരുവിള<br>ലൈബ്രറി അറ്റൻറർ,<br>സർക്കാർ പോളിടെക്ക്നിക്ക്<br>കോളേജ്,പാലാ<br>പെൻ - 171965 | സർക്കാർ ടെക്ക്നിക്കൽ<br>ഹൈസ്കൂൾ,പുറപ്പുഴ<br><br>(തുറന്ന ഒഴിവ്) |

ടി ജീവനക്കാർക്ക് തസ്തികമാറ്റ നിയമനത്തിനുള്ള മാനുവൽ ഓഫ് ഓഫീസ് പ്രൊസീജ്യർ (എംഓപി) യോഗ്യത കരസ്ഥമാക്കുന്നതിന് വായന (7) ലെ ഉത്തരവ് തീയതിയായ 16.03.2023 മുതൽ രണ്ട് വർഷത്തെ ഇളവിന് അർഹതയുണ്ടായിരിക്കുന്നതാണ്.പ്രസ്തുത കാലയളവിനുള്ളിൽ ടി യോഗ്യത നേടാനാകാത്ത ജീവനക്കാരെ മുൻ തസ്തികയിലേക്ക് മടക്കി അയക്കുന്നതാണ്.

വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകൾ സഹിതം ടി ജീവനക്കാർ 17.10.2023 ന മുൻപ് ബന്ധപ്പെട്ട സ്ഥാപന മേധാവി മുൻപാകെ ജോലിയ്ക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ ടി തസ്തികമാറ്റ നിയമനം റദ്ദ് ചെയ്യുന്നതായിരിക്കും.

Draft #25 of File ED1/41081/17/DTE Approved by Senior Administrative Officer on 25-Sep-2023 10:39 PM - Page 1

ടി തസ്തികമാറ്റം സ്ഥിരമയോ / താത്കാലികമായോ പരിത്യജിക്കുവാൻ ആഗ്രഹിക്കുന്ന ജീവനക്കാർ, ഉണ്ടെങ്കിൽ, പ്രസ്തുത വിവരം നിശ്ചിത മാതൃകയിൽ 05.10.2023 നകം ഈ കാര്യാലയത്തെ അറിയിക്കേണ്ടതാണ്.

ക്ലാർക്ക് തസ്തികയിലെ തുടർച്ചയായ മൂന്നു വർഷ സേവന കാലയളവിനുള്ളിലെ രണ്ട് വർഷ സേവനം ടി തസ്തികയിലെ നീരിക്ഷണ കാലയളവായി ടി ജീവനക്കാർ പൂർത്തികരിക്കേണ്ടതാണ്.

മാതൃ ജില്ലയിലേക്കുള്ള ടി ജീവനക്കാരുടെ സ്ഥലംമാറ്റം, വായന (5) സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമായിരിക്കും.

തസ്തികമാറ്റ നിയമനം ലഭിച്ച ജീവനക്കാരുടെ വിടുതൽ / ചേരുംകാലം യഥാസമയം ഈ കാര്യാലയത്തിൽ ഡിഡിഎഫ്എസ് വഴി മാത്രം അറിയിക്കേണ്ടതാണ്.

ഒപ്പ് /-

സുനിൽ കുമാർ സി വി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

പകർപ്പ്

1.സി.എ,സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ,ഡിടിഇ
2.ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് (ഡിടിഇ ഔദ്യോഗിക വെബ് സൈറ്റ് മുഖാന്തിരം)
3.ബന്ധപ്പെട്ട ജീവനക്കാർക്ക് (സ്ഥാപന മേധാവി മുഖേന)
4.സൂപ്രണ്ട്, ജീവനക്കാര്യം (ജി),ഡിടിഇ (ഡിഡിഎഫ്എസ് വഴി)
5.ഡിഡിഎഫ്എസ് കരുതൽ സഞ്ചയം.

Approval Valid

Digitally Approved By
സുനിൽ കുമാർ സി വി
Date: 25.09.2023
Reason: Approved

The document is digitally approved. Hence signature is not needed.

Draft #25 of File ED1/41081/17/DTE Approved by Senior Administrative Officer on 25-Sep-2023 10:39 PM - Page 2